**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2426** **07-07-2022 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ ചരക്ക് സേവന നികുതി നടപ്പിലാക്കിയതിലെ അപാകതകൾ മൂലം നികുതി വെട്ടിപ്പിനുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. ജി എസ് ടി നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തു നികുതി ചോർച്ച ഉണ്ടാകുന്നു എന്നതുമായി ബന്ധപ്പെട്ട പല അവലോകനങ്ങളും സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് നടത്തിയിട്ടുണ്ട്. ജി എസ് ടി രജിസ്ട്രേഷൻ പ്രോസസ്സ് ലളിതമാക്കിയതും ചെക്ക് പോസ്റ്റ് സംവിധാനം പൂർണ്ണമായും നിർത്തലാക്കിയതും ജി എസ് ടി യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിനു കാരണമായിട്ടുണ്ട്. ജി എസ് ടി വന്നതോട് കൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി എസ് ടി പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. അന്തർ സംസ്ഥാന സപ്ലൈകൾക്കും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യം ലഭിക്കുന്നതിനാൽ ഇത് മുതലെടുത്തു അനധികൃതമായി ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്യുന്നതുമൂലമുള്ള നികുതി വെട്ടിപ്പുകൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. ജി എസ് ടി ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാത്തത് മൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത സ്ഥിതിയാണ്.<br><br>ജി എസ് ടി നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, |

| | | | |
|---|---|---|---|
| | | | അഡ്ജുഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം നടത്തിയ പരിശോധനകളിൽ സംസ്ഥാന വ്യാപകമായി നികുതി വെട്ടിപ്പ് കേസുകൾ പിടികൂടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | **ഉണ്ട്. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം 2021 - 22 സാമ്പത്തിക വർഷത്തിൽ ചരക്ക് സേവന നികുതി നിയമം അനുശാസിക്കുന്ന രേഖകൾ ഇല്ലാതെയും അപൂർണ്ണവും തെറ്റായതുമായ വിവരങ്ങൾ അടങ്ങിയ രേഖകൾ ഉപയോഗിച്ചും നടത്തിയ ചരക്ക് നീക്കം കണ്ടെത്തി 17,307 കേസുകളിൽ നിന്ന് 82.69 കോടി രൂപ നികുതിയും പിഴയും മറ്റിനങ്ങളുമായി അടപ്പിച്ചു. ഇന്റലിജൻസ് സ്ക്വാഡുകൾ നടത്തിയ രഹസ്യാത്മകവും വിപുലവുമായ വിവരശേഖരണത്തിന്റെയും സൂക്ഷ്മമായ അപഗ്രഥനത്തിന്റെയും അടിസ്ഥാനത്തിൽ 173 കടപരിശോധനകൾ നടത്തി. 67.49 കോടി രൂപ നികുതിയും പിഴയും ചുമത്തുകയും ചെയ്തു. വ്യാപാരികൾ ഉപഭോക്താക്കൾക്ക് ചരക്കു സേവന നികുതി നിയമപ്രകാരമുള്ള ഇൻവോയ്സ് നൽകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനു വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന വ്യാപകമായി 2902 ടെസ്റ്റ് പർച്ചേസുകൾ നടത്തി 1482 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. ബിൽ നൽകാത്ത കേസുകളിൽ നിയമം അനുശാസിക്കുന്ന 20,000/- രൂപ പിഴ ചുമത്തിയതിന് പുറമെ കടപരിശോധന ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br><br>**2021 - 22 വർഷത്തിൽ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ വിഭാഗം വ്യാജ ബില്ല് മുഖേനയുള്ള നികുതി വെട്ടിപ്പിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ്, സ്ക്രാപ്പ്, ബീഡി, സിഗററ്റ് എന്നീ മേഖലകളിൽ നടക്കുന്ന നികുതി വെട്ടിപ്പുകൾ തടയുക എന്ന ലക്ഷ്യത്തോടെ നികുതി വെട്ടിപ്പുകാരുടെ വീടുകളിലടക്കം സംസ്ഥാന വ്യാപകമായി സെർച്ചുകൾ നടത്തുകയുണ്ടായി. നികുതി വെട്ടിപ്പിനു ഉപയോഗിച്ച വാഹനങ്ങളും ചരക്കുകളും പിടിച്ചെടുക്കുകയും ഇത്തരം സാമ്പത്തിക കുറ്റകൃത്യം നടത്തുന്നതിന് നേതൃത്വം നൽകിയ മൂന്നു പേരെ ഇതിനോടകം സംസ്ഥാന ജി എസ് ടി വകുപ്പ് അറസ്റ്റ് ചെയ്യുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തെ ബേക്കറികളിൽ തെറ്റായ വർഗീകരണം വഴി വലിയ തോതിൽ ഉള്ള നികുതി ചോർച്ച നടക്കുന്നുണ്ടെന്ന് മനസ്സിലാക്കി സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തുകയും നികുതി ഇനത്തിൽ കോടിക്കണക്കിനു രൂപ ഈടാക്കുകയും** |

| | | | |
|---|---|---|---|
| | | | **ചെയ്യുകയുണ്ടായി. സിനിമ മേഖലയിലും സ്വർണാഭരണ മേഖലയിലും നടക്കുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പ് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നുണ്ട്.** |
| (സി) | ബിസിനസ് ഇന്റലിജൻസ്, അനലിറ്റിക്സ് തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് വിവിധ തരത്തിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | വിവര സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജി എസ് ടി എൻ മുഖേന ലഭിക്കുന്ന ബിസിനസ്സ് ഇന്റലിജൻസ് ആന്റ് ഫ്രോഡ് അനലിറ്റിക്സ് (BIFA) റിപ്പോർട്ട് പരിശോധിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും അത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ടാക്സ് പെയേഴ്സിനെ സംബന്ധിച്ച് വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ ക്രോഡീകരിച്ച് അനാലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് മുഖേന തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | ജി.എസ്.ടി. നിയമപ്രകാരം ഉപഭോക്താക്കൾക്ക് ബില്ല് നൽകുന്നു എന്ന് ഉറപ്പാക്കാൻ കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന വ്യാപകമായി ടെസ്റ്റ് പർച്ചേസുകൾ നടത്തിയിരുന്നോ; ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | വ്യാപാരികൾ ഉപഭോക്താക്കൾക്ക് ചരക്ക് സേവന നികുതി നിയമപ്രകാരമുള്ള ഇൻവോയ്സ് നൽകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനു വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന വ്യാപകമായി 2902 ടെസ്റ്റ് പർച്ചേസുകൾ നടത്തി 1482 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. ബിൽ നൽകാത്ത കേസുകളിൽ നിയമം അനുശാസിക്കുന്ന 20,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ